SUNDAY 03/05/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU



Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/05/2026

1. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിൻ (SMAM) കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ (ATIC) പഴ വർഗ്ഗ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിളകളായ സീതപ്പഴം, അരിനെല്ലി, അവക്കാഡോ, കദളിവാഴ കന്ന്, കശുമാവ് ഗ്രാഫ്റ്റ്, ചാമ്പ ലെയർ, നാരങ്ങ തൈകൾ, ഡ്രാഗൺ ഫ്രൂട്ട്, മുട്ടപ്പഴം, പേരയ്ക്കലെയർ, പേരയ്ക്ക തൈകൾ, പ്ലാവ് ഗ്രാഫ്റ്റ്, കിളിഞാവൽ, ലവിലവി തൈകൾ, മാവ് ഗ്രാഫ്റ്റ്, മാങ്കോസ്റ്റീൻ തൈകൾ, മിറാക്കിൾ ഫ്രൂട്ട് കമ്പ്, ഞാവൽഗ്രാഫ്റ്റ്, ഞാവൽ തൈകൾ, ഓറഞ്ച് തൈകൾ, പനീർ ചാമ്പ, റെഡ് ലേഡി പപ്പായ തൈകൾ, പാഷൻ ഫ്രൂട്ട് തൈകൾ, പീനട്ട് ബട്ടർ ഫ്രൂട്ട് തൈകൾ, മാതളത്തൈകൾ, റംബൂട്ടാൻ തൈകൾ, സപ്പോട്ട ഗ്രാഫ്റ്റ്, സുറിനാം ചെറി, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, കരോണ്ട ചെറി എന്നിവയുടെ ലെയറുകൾ മുതലായവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487 – 2370540

## പരിശീലന പരിപാടി

3. കേരള കാർഷിക സർവകലാശാലയിലെ ഇ–പഠന കേന്ദ്രം "CAD ഉപയോഗിച്ചുള്ള ലാൻഡ്സ്കേപ്പ് ഡിസൈനിന്റെ അടിസ്ഥാന കാര്യങ്ങൾ" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം മെയ് മാസം 11 മുതൽ 15 വരെ 2 മണി മുതൽ 5 മണി വരെ പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു . രജിസ്ട്രേഷൻ ഫീസ് 1000 രൂപ. രജിസ്റ്റർ

ചെയ്യാനുള്ള അവസാന തീയതി 2026 മെയ് 8. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438565, 8547837256, 9495943875.

4. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർകോമ്പൗണ്ടിങ്; മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ; മാർക്കറ്റിങ്, പ്ലാനിങ്, കൺട്രോൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം 2026 മെയ് 11 മുതൽ 15 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ._ഐ.ആർ.റ്റി.) വെച്ച് നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്നീ ഫോൺനമ്പരുകളിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

5. കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കേണ്ടതാണ്. വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർവെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. കുറുനാമ്പ് ബാധിച്ച വാഴകൾ എത്രയും വേഗം മൂടോടെ പിഴുതെടു കുഴിച്ച് മൂടുകയോ കത്തിച്ച് കളയുകയോ ചെയ്യണം. വാഴപ്പേനുകളാണ് ഈ വൈറസ് രോഗത്തെ പരത്തുന്നത്. മറ്റു വാഴകളിൽ പകരാതിരിക്കാനായി ഇവയുടെ നിയന്ത്രണം അനിവാര്യമാണ്. മഴക്കാലാരംഭത്തോടെ വാഴകളിൽ കാണുന്ന ഇലപ്പുള്ളിരോഗം വരാതിരിക്കാനായി 12% വീര്യമുള്ള സ്യൂഡോമോണാസ് അല്ലെങ്കിൽ ബോർഡോ മിശ്രിതം തളിക്കുന്നത് നന്നായിരിക്കും. പിണ്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടാകാതിരിക്കാനായി തോട്ടത്തിലെമണ്ണ് കുഴച്ച് കുഴമ്പാക്കി വാഴയുടെ തടയിൽ പുരട്ടണം. മെറ്റാറൈസിയം കുമിൾ പൊടി വാഴക്കവിളിൽ വിതറിക്കൊടുക്കുന്നത് അവയുടെ ജൈവനിയന്ത്രണത്തിന് നല്ലതാണ്. വാഴത്തോട്ടത്തിൽ വാഴത്തടകൾ

ff¯



രണ്ടായി മുറിച്ച് അതിൽ ബ്യൂവേറിയ എന്ന മിത്ര കുമിൾ വിതറി കെണി ഒരുക്കിയും കീടത്തെ നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം